തളിപ്പറമ്പ സഹകരണ ബാങ്ക്

യു.ഡി.എഫ് സ്ഥാനാർത്ഥികളെ വിജയിപ്പിക്കാൻ മുസ്ലിംലീഗ്; സ്വന്തം സ്ഥാനാർത്ഥികളെ തോൽപ്പിക്കാൻ കോൺഗ്രസ് നേതാക്കൾ

തളിപ്പറമ്പ: അരനൂറ്റാണ്ടിലേറെ യു.ഡി.എഫ് ഭരിക്കുന്ന തളിപ്പറമ്പ് സഹകരണ ബാങ്ക് തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർത്ഥികളെ വിജയിപ്പിക്കേണ്ട ബാധ്യത ഏറ്റെടുത്ത് മുസ്ലിംലീഗ്. അതേസമയം കോൺഗ്രസ് സ്ഥാനാർത്ഥികളെ പരാജയപ്പെടുത്താൻ ഒരു വിഭാഗം കോൺഗ്രസ് നേതാക്കൾ പരസ്യമായി രംഗത്ത്. കോൺഗ്രസ് റിബൽ സ്ഥാനാർത്ഥി അഡ്വ. വിനോദ് രാഘവന്റെ വിജയത്തിനായാണ് തളിപ്പറമ്പ മണ്ഡലത്തിലെ ഒരു വിഭാഗം കോൺഗ്രസ് നേതാക്കൾ രംഗത്ത് വന്നിരിക്കുന്നത്. ഇവർ വോട്ടർമാരെ സമീപിച്ച് മുസ്ലിംലീഗ് സ്ഥാനാർത്ഥികൾക്കും വിനോദ് രാഘവനും മാത്രം വോട്ട് ചെയ്താൽ മതി എന്നാണ് അഭ്യർത്ഥിക്കുന്നത്. വിനോദ് രാഘവന്റെ വിജയത്തിനായി മൂന്ന് തവണ കോൺഗ്രസ് മണ്ഡലം നേതാക്കളുടെ നേതൃത്വത്തിൽ പൂക്കോത്ത്തെരുവിലെ സ്വകാര്യ ഹോട്ടലിൽ കൺവെൻഷൻ ചേർന്നു. ഏതെങ്കിലും ഒന്നോ രണ്ടോ കോൺഗ്രസ് സ്ഥാനാർത്ഥികളെ പരാജയപ്പെടുത്താനാണ് മണ്ഡലത്തിലെ ഒരു വിഭാഗം കോൺഗ്രസ് നേതാക്കൾ രംഗത്ത് ഇറങ്ങിയിരിക്കുന്നത്. കോൺഗ്രസ് മണ്ഡലം കമ്മിറ്റിയിലെ പ്രമുഖ ഭാരവാഹികളും പോഷക സംഘടനകളുടെ ഭാരവാഹികളും പരസ്യമായി വിനോദ് രാഘവന് വേണ്ടി രംഗത്തിറങ്ങിയെങ്കിലും ഇവരോട് വിശദീകരണം പോലും ചോദിക്കാൻ കഴിയാതെ കുഴയുകയാണ് കോൺഗ്രസ് നേതൃത്വം. ഗ്രൂപ്പും ഗ്രൂപ്പിനകത്തെ ഗ്രൂപ്പും വ്യക്തികേന്ദ്രീകൃത ചെറുസംഘങ്ങളുമായി തളിപ്പറമ്പ മണ്ഡലത്തിലെ കോൺഗ്രസ് പ്രവർത്തനം ആകെ കുഴഞ്ഞ്മറിഞ്ഞ സാഹചര്യത്തിലാണ് സർവ്വീസ് സഹകരണ ബാങ്ക് തിരഞ്ഞെടുപ്പ് നടക്കുന്നത്.

അതേസമയം യു.ഡി.എഫിന്റെ മുഴുവൻ സ്ഥാനാർത്ഥികളെയും വൻ ഭൂരിപക്ഷത്തിന് വിജയിപ്പിക്കാൻ മുസ്ലിംലീഗ് രംഗത്ത് ഇറങ്ങിയിട്ടുണ്ട്. ശാഖ അടിസ്ഥാനത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് വോട്ടർമാരെ നേരിട്ട് കണ്ട് അഭ്യർത്ഥന നടത്തുകയാണ് മുസ്ലിംലീഗ് നേതൃത്വം. തളിപ്പറമ്പ് മുസ്ലിംലീഗിനകത്ത് ഉണ്ടായിരുന്ന മുഴുവൻ പ്രശ്നങ്ങളും പരിഹരിച്ചുകഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ ചില ശാഖ കമ്മിറ്റികൾ മുസ്ലിംലീഗ് പുനസംഘടിപ്പിക്കുകയും ജുമാഅത്ത് ട്രസ്റ്റ്, യത്തീംഖാന തുടങ്ങിയവയിൽ സമവായത്തിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റികൾ നിലവിൽ വരികയും ചെയ്തുകഴിഞ്ഞു. ഈ സാഹചര്യത്തിൽ സർവ്വീസ് സഹകരണ ബാങ്ക് തിരഞ്ഞെടുപ്പിൽ മുഴുവൻ യു.ഡി.എഫ് സ്ഥാനാർത്ഥികളെയും വിജയിപ്പിക്കാനുള്ള തീവ്രശ്രമത്തിലാണ് മുസ്ലിംലീഗ് നേതൃത്വം. ഈ ഞായറാഴ്ച സീതിസാഹിബ് ഹയർസെക്കണ്ടറി സ്കൂളിലാണ് തിരഞ്ഞെടുപ്പ്.

മണ്ഡലം കമ്മിറ്റികൾ വിഭജിച്ചും പുതിയ സാരഥികളെ നിയമിച്ചും കോൺഗ്രസ്

ടി.വി. രവി, കെ.വി. നാരായണൻ, പി.വി. സജീവൻ, വി.വി. പത്മനാഭൻ, മൈക്കിൾ പാട്ടത്തിൽ പ്രസിഡണ്ടുമാർ

തളിപ്പറമ്പ: കുറുമാത്തൂർ, ചപ്പാരപ്പടവ് മണ്ഡലം കമ്മിറ്റികൾ വിഭജിച്ചും വർഷങ്ങളായി ഒഴിഞ്ഞുകിടന്ന പദവിയിലേക്ക് സാരഥികളെ തീരുമാനിച്ചും കോൺഗ്രസ് നേതൃത്വം. കഴിഞ്ഞ തിരഞ്ഞെടുപ്പിന് മുമ്പ് സി.സി. ശ്രീധരൻ രാജിവച്ച തളിപ്പറമ്പ മണ്ഡലം കമ്മിറ്റിക്ക് പ്രസിഡണ്ടിനെ കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ടി.വി. രവീന്ദ്രനാണ് പുതിയ മണ്ഡലം പ്രസിഡണ്ട്. ഗ്രൂപ്പിസത്തിൽപ്പെട്ട സംഘടന സംവിധാനം ആകെ കുത്തഴിഞ്ഞ സ്ഥിതിയാണ് തളിപ്പറമ്പിൽ. ബൂത്ത് കമ്മിറ്റികൾ തീർത്തും നിർജീവമാണ്. മറ്റെല്ലാ സ്ഥലത്തും എ, ഐ, മൂന്നാം ഗ്രൂപ്പുകളാണ് ഉള്ളതെങ്കിൽ തളിപ്പറമ്പിൽ ഓരോ ചോട്ടാ നേതാക്കൾക്കും സ്വന്തം ഗ്രൂപ്പുകൾ ഉണ്ട്. ഓരോ നേതാവും സ്വന്തം കാര്യങ്ങൾക്കായാണ് വിരലിലെണ്ണാവുന്ന അനുയായികളെ വച്ച് ഗ്രൂപ്പുകൾ ഉണ്ടാക്കിയത്. ഫലത്തിൽ ഇത് സംഘടനയുടെ നാശത്തിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിലാണ് മണ്ഡലം കമ്മിറ്റി പുനസംഘടിപ്പിക്കാൻ ഡി.സി.സി തീരുമാനിച്ചത്. ഐ ഗ്രൂപ്പിൽപ്പെട്ടയാളാണ് ടി.വി. രവീന്ദ്രൻ.

ചപ്പാരപ്പടവ് മണ്ഡലം കമ്മിറ്റി രണ്ടായി വിഭജിച്ചു. ചപ്പാരപ്പടവ് മണ്ഡലം പ്രസിഡണ്ടായി വി.വി. പത്മനാഭനെയും തടിക്കടവിൽ മൈക്കിൾ പാട്ടത്തിലിനെയും രണ്ടായി വിഭജിച്ച കുറുമാത്തൂർ മണ്ഡലത്തിൽ കെ.വി. നാരായണൻ കുട്ടിയെയും പന്നിയൂരിൽ പി. കൃഷ്ണനെയുമാണ് പ്രസിഡണ്ടുമാരായി നിയമിച്ചത്. പരിയാരത്ത് പി.വി. സജീവൻ മലപ്പട്ടത്ത് വി.പി. പ്രഭാകരൻ എന്നിവരടക്കം 58 മണ്ഡലം കമ്മിറ്റികൾക്ക് പുതിയ പ്രസിഡണ്ടുമാരെ നിയമിച്ചു. നാളെ കെ.പി.സി.സി. പ്രസിഡണ്ട് മുല്ലപ്പള്ളി രാമചന്ദ്രൻ കണ്ണൂരിൽ വരുന്നുണ്ട്. ഇതിന് മുമ്പായി മണ്ഡലം കമ്മിറ്റികൾ പുനസംഘടിപ്പിക്കണമെന്ന് തീരുമാനിച്ചിരുന്നു.

ഇനി മണ്ഡലം കമ്മിറ്റികൾ സഹഭാരവാഹികളെ കണ്ടെത്തണം. പല മണ്ഡലം കമ്മിറ്റികൾക്കും നിലവിൽ ജംബോ കമ്മിറ്റികളാണ് ഉള്ളത്. എണ്ണം കുറച്ച് പുതിയ ഭാരവാഹികളെ കണ്ടെത്തണമെന്ന് കെ.പി.സി.സി ജില്ലാ കമ്മിറ്റികൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

നാട്ടുകാർ കൈത്താങ്ങായിട്ടും വസന്തന്റെ ജീവൻ രക്ഷിക്കാനായില്ല

പരിയാരം: വൃക്ക സംബന്ധമായ അസുഖത്തിന് ദീർഘനാളായി ചികിത്സയിലായിരുന്ന പാച്ചേനിയിലെ കാനത്തൂർ വസന്തൻ (47) നിര്യാതനായി. ഇരു വൃക്കകളും തകരാറിലായതിനെ തുടർന്ന് നാട്ടുകാരുടെ നേതൃത്വത്തിൽ ചികിത്സാ സഹായധനം ശേഖരിച്ച് കൈമാറിയിരുന്നു. എന്നാൽ മാറ്റിവെക്കാനുള്ള വൃക്ക നൽകാൻ ആളില്ലാതിരുന്നതിനാൽ ഡയാലിസിസ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കൊണ്ട് ജീവൻ നിലനിർത്തിവരികയായിരുന്ന വസന്തൻ ഇന്ന് പുലർച്ചെയോടെയാണ് മരണമടഞ്ഞത്. സ്വന്തമായി വെൽഡിംഗ് ജോലി ചെയ്തുവരികയായിരുന്നു വസന്തൻ. മൂന്ന് വിദ്യാർത്ഥികളടങ്ങിയ കുടുംബത്തിന്റെ ഏക അത്താണിയും ഇദ്ദേഹമാണ്.

തിരുവട്ടൂരിലെ പരേതരായ കുഞ്ഞമ്പു-ലക്ഷ്മി ദമ്പതികളുടെ മകനാണ്. ഭാര്യ: പ്രവീണ (കാസർക്കോട്). മക്കൾ: വൃന്ദാലക്ഷ്മി (വിദ്യാർത്ഥി, ഇരിങ്ങൽ യു.പി സ്കൂൾ), നന്ദാ ലക്ഷ്മി, വൈഷ്ണവ് (ഇരുവരും വിദ്യാർത്ഥികൾ, മേരി ഏഞ്ചൽസ്, ചുടല). സഹോദരങ്ങൾ: മധു (കൂവേരി, സർവീസ് ബാങ്ക്), സുരേശൻ (വർക്ക്ഷോപ്പ്, ഏമ്പേറ്റ്), ശ്രീജ (പഴയങ്ങാടി).

ഓർമ്മയായത് പരിയാരത്തിന്റെ ജനകീയ ഡോക്ടർ



പരിയാരം: ആധുനിക വൈദ്യശാസ്ത്രത്തിന്റെ ഔപചാരികതലം അന്യമാണെങ്കിലും കൈപ്പുണ്യം കൊണ്ട് നാട്ടുകാരുടെ ജനകീയ ഡോക്ടറാണ് ഇന്ന് പുലർച്ചെ അന്തരിച്ച പരിയാരം സെന്ററിലെ സി.ലക്ഷ്മണൻ (63). നാല് പതിറ്റാണ്ടിലേറെയായി പരിയാരത്തെ നൂറുകണക്കിന് നാട്ടുകാരുടെ ചെറുതും വലുതുമായ രോഗങ്ങൾക്ക് ശമനമുണ്ടാക്കിയ ഡോക്ടർ. വൈദ്യുതി ബോർഡിൽ ഓവർസീയറായി ഏഴ് വർഷം മുമ്പ് വിരമിച്ചുവെങ്കിലും മൂന്ന് മാസം മുമ്പ് വരെ പേര് വെക്കാത്ത ഡോക്ടറായി അദ്ദേഹം പരിയാരത്ത് പ്രവർത്തിച്ചുവരികയായിരുന്നു. ദശാബ്ദങ്ങളോളം സ്വന്തമായി ക്ലിനിക്കും നടത്തി. വീടിന് തൊട്ടടുത്ത് അത്യാധുനിക ചികിത്സാ സംവിധാനങ്ങളുള്ള പരിയാരം മെഡിക്കൽ കോളേജ് നിലനിൽക്കുമ്പോഴും പരിയാരത്തും ഓണപ്പറമ്പിലുമുള്ള നാട്ടുകാർക്ക് ലക്ഷ്മണൻ അവരുടെ സ്വന്തം ഡോക്ടറാണ്. ഹോമിയോ ചികിത്സയുമായി ബന്ധപ്പെട്ട് ഒട്ടേറെ ഗ്രന്ഥങ്ങൾ വായിച്ചുപഠിച്ചാണ് അദ്ദേഹം ചികിത്സ തുടങ്ങിയത്. എന്നാൽ ആധുനിക വൈദ്യശാസ്ത്രത്തിലെ പ്രധാന പഠനങ്ങൾ ശ്രദ്ധിച്ച് ചികിത്സക്കൊപ്പം അലോപ്പതിയും ചേർക്കുകയായിരുന്നു. അധികൃതരുടെ കണ്ണിൽ ഇത് നിയമ വിരുദ്ധമാണെങ്കിലും ലക്ഷ്മണന്റെ ചികിത്സയിലൂടെ രോഗം ഭേദമായവരുടെ എണ്ണം നിരവധിയാണ്. പേരിനൊപ്പം ഡോക്ടർ എന്ന പദവി നിയമപരമായി കൂട്ടിച്ചേർക്കാൻ കഴിയാതെ പോയ ലക്ഷ്മണന് ഏക മകൾ ശ്രുതിയിലൂടെ സ്വപ്നസാഫല്യം കൈവരുകയായിരുന്നു.

ഇന്ന് പുലർച്ചെ എ.കെ.ജി ആശുപത്രിയിൽ അന്തരിച്ച ലക്ഷ്മണന്റെ മൃതദേഹം വീട്ടിലെത്തിച്ചപ്പോൾ അന്ത്യാഞ്ജലി അർപ്പിക്കാൻ നൂറുകണക്കിനാളുകളാണ് തടിച്ചുകൂടിയത്.

ഭാര്യ: അരോളിയിലെ പുഷ്പവല്ലി. സഹോദരങ്ങൾ: കുമാരൻ, ശ്യാമള, ശശിധരൻ.

തളിപ്പറമ്പ് ബസ്സ്റ്റാന്റിലെ കടയുടെ ഷട്ടറിൽ മൂത്ര പ്രയോഗം നടത്തുന്ന വിരുതൻ

വേണം, ഇവന്റെ അവിടെ കൊടൂത്ത കൊണ്ട് പൂശണം

തളിപ്പറമ്പ: ഇരുട്ട് വ്യാപിക്കുമ്പോൾ തളിപ്പറമ്പ് ബസ്സ്റ്റാന്റിലേക്ക് കടന്നുവരിക. സ്റ്റാന്റിന്റെ ഒരു മൂലയിലുള്ള കരിമ്പ് കടയുടെ ഷട്ടറിൽ മൂത്രമൊഴിക്കുക. ഏതെങ്കിലും ഒരിടത്തല്ല. നടന്നുകൊണ്ട് മൂത്രമൊഴിച്ച് ഷട്ടറിന്റെ ഒരു തല മുതൽ മറ്റേ തല വരെ അഭിഷേകം നടത്തുക. അതും ഒന്നിടവിട്ട ദിവസങ്ങളിൽ പതിവായി. കടക്കാരുടെ രാവിലത്തെ പ്രധാന ജോലി ആരാന്റെ മൂത്രം കഴുകിവൃത്തിയാക്കുക എന്നതാണ്. ഈ ക്രൂരതക്ക് എന്ത് പേരാണ് പറയുക.

ശല്യം സഹിക്ക വയ്യാതായതോടെ കടയുടമ നിരീക്ഷണ ക്യാമറ ഷട്ടറിന്റെ ദൃശ്യം ലഭിക്കും വിധം ക്രമീകരിച്ചു. നിരീക്ഷണ ക്യാമറയിൽ വിരുതന്റെ ദൃശ്യം കൃത്യമായും പതിഞ്ഞിട്ടുണ്ട്. ഇനി ഇവനെ എന്താണ് ചെയ്യേണ്ടത് എന്നാണ് ചോദ്യം.

'ആക്ഷൻ ഹീറോ ബിജു' എന്ന സിനിമയിൽ നിവിൻ പോളിയുടെ എസ്.ഐ കഥാപാത്രം, ഉടുമുണ്ട് ഉരിഞ്ഞ് നഗ്നത പ്രദർശിപ്പിക്കുന്ന കഥാപാത്രത്തെ കൊടൂത്ത കൊണ്ട് ചികിത്സിക്കുന്ന രംഗമുണ്ട്. അതുപോലെ വല്ലതും...

ഗതികേടുകൊണ്ടാണ് സാറേ, ബർമൂഡ ഊരുന്നത്

തളിപ്പറമ്പ: ബർമൂഡ ഊരി കൊച്ചു പെൺകുട്ടികളുടെ മുമ്പാകെ നഗ്നത പ്രദർശിപ്പിക്കുന്ന യുവാവിനെ പോലീസ് പിടികൂടി. കോൾമൊട്ടയിലെ ഒരു ബാറിൽ ജീവനക്കാരനായിരുന്ന പട്ടാന്നൂർ കൊളപ്പയിലെ മലയിളം ഹൗസിൽ സലീംകുമാർ (27)ആണ് കഥാപാത്രം.

അടിവസ്ത്രമില്ലാതെ ബർമൂഡ മാത്രം അണിഞ്ഞ് നടക്കുന്ന ഇയാൾ പറശിനിക്കടവിലും സമീപപ്രദേശങ്ങളിലുമായി പെൺകുട്ടികളുടെ മുമ്പാകെ നഗ്നത പ്രദർശിപ്പിക്കുക പതിവായിരുന്നു. എട്ടിനും 13നും ഇടയിൽ പ്രായമുള്ള പെൺകുട്ടികളെ കാണുമ്പോൾ പെട്ടെന്ന് ബർമൂഡ താഴ്ത്തുകയാണ് ഇയാളുടെ രീതി. ശല്യം സഹിക്കവയ്യാതെയായതോടെ പെൺകുട്ടികൾ ചൈൽഡ്ലൈൻ അധികൃതരെയും പോലീസിനെയും വിവരം ധരിപ്പിച്ചു. ഇന്നലെ കോൾമൊട്ടക്ക് സമീപം വെച്ച് ഒരു പെൺകുട്ടിയുടെ മുമ്പാകെ ഇയാൾ പതിവ് അഭ്യാസം കാണിച്ചപ്പോൾ നാട്ടുകാർ പിടികൂടി കൈകാര്യം ചെയ്ത് പോലീസിൽ ഏൽപ്പിക്കുകയായിരുന്നു. സി.ഐ കെ.ജെ. വിനോയി ചോദ്യം ചെയ്തപ്പോഴാണ് ഇയാൾ ദയനീയമായി തന്റെ അവസ്ഥ വിവരിച്ചത്. ലിംഗ വളർച്ചയില്ലാത്ത സലീംകുമാർ മാനസീക സൗഖ്യം നേടുന്നത് ഇത്തരം പ്രവർത്തിയിലൂടെയാണെന്ന് അറിഞ്ഞതോടെ പോലീസുകാർ തന്നെ പൊട്ടിച്ചിരിച്ചുപോയി. ഒടുവിൽ ഇയാളെ താക്കീത് ചെയ്തുവിട്ടു. ഇനി കണ്ണൂർ ജില്ലയിൽ പ്രവേശിക്കുകയില്ലെന്ന് പറഞ്ഞ് സലീംകുമാർ എറണാകുളത്തേക്കാണ് പോയത്.

യുവാവിനെ തട്ടിക്കൊണ്ടുപോയി കൊല്ലാൻ ശ്രമം; നാലുപേർക്കെതിരെ കേസ്

കാസർക്കോട്: യുവാവിനെ തട്ടിക്കൊണ്ടുപോയി മർദിച്ചവശനാക്കി മൊബൈൽ ഫോണും പണമടങ്ങിയ പേഴ്സും തട്ടിയെടുത്തു. നെല്ലിക്കെട്ട തെന്നക്കടുക്കയിലെ അബ്ദുൾനൗഷാദ് എന്ന കാട്ടി നൗഷാദിനെയാണ് (29) മിനിഞ്ഞാന്ന് രാത്രി തട്ടിക്കൊണ്ടുപോയത്. നെല്ലിക്കെട്ട റോഡരികിൽ നിൽക്കുകയായിരുന്ന നൗഷാദിനെ കാറിലെത്തിയ സംഘം തട്ടിക്കൊണ്ടുപോയി മധൂർ പർക്കളയിലെ ആളൊഴിഞ്ഞ വീട്ടിൽ വെച്ച് ക്രൂരമായി മർദിച്ചു. മർദനമേറ്റ് നൗഷാദ് ബോധംകെട്ടുവീണതോടെ ഇയാൾ മരിച്ചെന്ന് കരുതി മൊബൈൽ ഫോണും പേഴ്സും കൈക്കലാക്കി സംഘം സ്ഥലംവിടുകയായിരുന്നു. എന്നാൽ ഇന്നലെ പുലർച്ചെയോടെ ബോധംതെളിഞ്ഞ നൗഷാദ് രക്ഷപ്പെട്ട് കുറ്റിക്കാട്ടിൽ ഒളിച്ചിരുന്നു. രാവിലെ ഒളിയത്തടുക്കയിലെത്തി ഒരു പരിചയക്കാരന്റെ ഫോൺ വാങ്ങി പിതാവിനെ വിളിച്ച് വിവരം പറഞ്ഞു. പിതാവെത്തി പോലീസിൽ പരാതി നൽകിയ ശേഷം നൗഷാദിനെ മംഗലാപുരം ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

സംഭവവുമായി ബന്ധപ്പെട്ട് ബദറുദീൻ, സഫ്വാൻ, സമദാനി, കണ്ടാലറിയാവുന്ന ഒരാൾ എന്നിവർക്കെതിരെയാണ് പോലീസ് കേസെടുത്തത്. നേരത്തെ ആന്ധ്രയിൽ നിന്ന് കൊണ്ടുവന്ന കഞ്ചാവ് സഹിതം അഞ്ചുപേരെ പോലീസ് പിടികൂടിയിരുന്നു. ഇവരെ ഒറ്റുകൊടുത്തത് നൗഷാദാണെന്ന സംശയത്താലാണ് തട്ടിക്കൊണ്ടുപോയി അക്രമിച്ചതെന്ന് കരുതുന്നു. പോലീസ് അന്വേഷണം തുടങ്ങി.

കർഷകന് തേനീച്ചക്കുത്തേറ്റു

ആലക്കോട്: ടാപ്പിംഗിനായി റബർ തോട്ടത്തിലേക്ക് പോയ കർഷകന് പെരും തേനീച്ചകളുടെ കുത്തേറ്റു. ഉദയഗിരി തൊമരക്കാട്ടെ കിളിർക്കുന്നേൽ സുരേഷിനാണ് (34) കുത്തേറ്റത്. ഇന്നലെ രാവിലെ മാമ്പൊയിലിലെ റബർ തോട്ടത്തിന് സമീപത്ത് വെച്ചാണ് സംഭവം. പരിക്കേറ്റ സുരേഷിനെ പരിയാരം മെഡി. കോളേജിൽ പ്രവേശിപ്പിച്ചു.

ചുമട്ടു തൊഴിലാളിയെ മർദിച്ചതിന് കേസ്

ആലക്കോട്: ശ്രീകണ്ഠപുരം ഡിവിഷനിലെ ചുമട്ടുതൊഴിലാളി വിളക്കണ്ണൂരിലെ പുലിയിരിക്കൽ രാമചന്ദ്രനെ (54) അകാരണമായി മർദിച്ചതിന് കരുവഞ്ചാലിലെ സലിക്കെതിരെ പോലീസ് കേസെടുത്തു. കഴിഞ്ഞ ദിവസം ചുമട്ടുതൊഴിലാളി യൂണിയൻ (സി.ഐ.ടി.യു) ഏരിയാ സമ്മേളനത്തിന് ആലക്കോട്ടെത്തിയപ്പോൾ കൈ തിരിച്ച് പിടിച്ച് ആക്രമിച്ചുവെന്നാണ് പരാതി.

സെർവർ തകരാറായി; ഐഡിയ മൊബൈൽ ഫോൺ നിശ്ചലമായി

തളിപ്പറമ്പ: സാങ്കേതിക തകരാർ മൂലം ഐഡിയ മൊബൈൽ ഫോണുകൾ നിശ്ചലമായി. ഇന്ന് രാവിലെയോടെയാണ് ഐഡിയ മൊബൈൽ കിട്ടാതായത്. പലർക്കും കാര്യം മനസിലായില്ല. ഫോണിന്റെ തകരാറാണ് എന്നാണ് പലരും കരുതിയത്. ചിലർ സിം കാർഡ് മാറ്റിയും മറിച്ചും ഇട്ടുനോക്കി. പിന്നീടാണ് ആർക്കും ഐഡിയ ഫോണിൽ റെയിഞ്ച് കിട്ടുന്നില്ലെന്ന് മനസിലായത്. എവിടെയാണ് തകരാർ ഉണ്ടായതെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഉച്ചവരെ ഫോൺ ശരിയായിട്ടില്ല.

ഡ്രൈവറെ അക്രമിച്ചതിന് ഏഴുപേർക്കെതിരെ കേസ്

പയ്യന്നൂർ: ഡ്രൈവറെ അക്രമിച്ച സംഭവത്തിൽ ഏഴുപേർക്കെതിരെ കേസെടുത്തു. ഓട്ടോ ഡ്രൈവർ കേളോത്തെ എ.രമേശന്റെ (48) പരാതിയിലാണ് ഷൈജു, സുബിൻ, ബൈജു, സുധീഷ്, സൂരജ്, മറ്റ് കണ്ടാലറിയാവുന്ന രണ്ടുപേർ എന്നിവർക്കെതിരെ പയ്യന്നൂർ പോലീസ് കേസെടുത്തത്. കഴിഞ്ഞ ദിവസമാണ് കേസിനാസ്പദമായ സംഭവം. പ്രതികളിലൊരാൾ മദ്യലഹരിയിൽ ബൈക്ക് മറിച്ചിടുകയും വീടിന്റെ മതിൽ തകർക്കുകയും ചെയ്തത് ചോദ്യം ചെയ്ത വിരോധത്തിനാണ് തന്നെ അക്രമിച്ചതെന്നാണ് രമേശന്റെ പരാതി.

വെള്ളത്തിൽ മുങ്ങി വെള്ളാട് കരുവഞ്ചാൽ റോഡ്

ആലക്കോട്: മലയോര മേഖലയിലെ പ്രധാന പാതകളിലൊന്നായ കരുവഞ്ചാൽ-വെള്ളാട് പള്ളിക്കവല റോഡ് വെള്ളക്കെട്ടിൽ മുങ്ങിയത് അതീവ യാത്രാദുരിതമുയർത്തുന്നു. വീതി കൂട്ടലുമായി ബന്ധപ്പെട്ട് സ്ഥലം വിട്ടുകിട്ടാത്തതിനെച്ചൊല്ലി തർക്കം ഉടലെടുത്തതിനെ തുടർന്ന് റീ ടാറിംഗ് പ്രവൃത്തി പാതിവഴിയിൽ നിലച്ച റോഡിൽ ഇപ്പോൾ നിറയെ വെള്ളക്കെട്ടാണ്. ബസുകൾ ഉൾപ്പെടെ ദിനംപ്രതി നൂറുകണക്കിന് വാഹനങ്ങൾ സർവീസ് നടത്തുന്ന റോഡിന്റെ ശോചനീയാവസ്ഥ കാരണം കാൽനടയാത്ര പോലും കഴിയാത്ത സ്ഥിതിയാണ്. കാൽനടയാത്രക്കാരായ സ്കൂൾ വിദ്യാർത്ഥികളാണ് ഇതുമൂലം ഏറെ ദുരിതം അനുഭവിക്കുന്നത്. റോഡിലെ വെള്ളക്കെട്ട് വിദ്യാർത്ഥികൾക്ക് ഏറെ അപകടാവസ്ഥയും ഉയർത്തുന്നുണ്ട്. റോഡിന്റെ ഇരുഭാഗത്തെയും മതിലുകൾ പൊളിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തർക്കം ഉടലെടുത്ത് ഏറെ നാളായിട്ടും ഇത് പരിഹരിക്കുന്നതിനോ, റോഡിന്റെ ശോചനീയാവസ്ഥക്ക് പരിഹാരം കാണുകയോ ചെയ്യാത്ത അധികൃതരുടെ അനാസ്ഥ വ്യാപക പ്രതിഷേധമുയർത്തിയിരിക്കുകയാണ്.

പീഡനശ്രമക്കേസിൽ മൊഴി മാറ്റാൻ ഭീഷണി; യുവാവിനെതിരെ വീണ്ടും കേസ്

പയ്യന്നൂർ: പീഡനശ്രമക്കേസിൽ മൊഴി മാറ്റി പറയണമെന്ന് യുവതിക്ക് ഭീഷണി. യുവതിയുടെ പരാതിയിൽ കോടതി നിർദേശപ്രകാരം യുവാവിനെതിരെ പയ്യന്നൂർ പോലീസ് ഒരു കേസ് കൂടിയെടുത്തു. പയ്യന്നൂരിൽ പ്രവർത്തിക്കുന്ന ഒരു ബാർ ഹോട്ടൽ ജീവനക്കാരിയായ 24 കാരിയാണ് പരാതിക്കാരി. ഈ ഹോട്ടലിലെ ജീവനക്കാരനായിരുന്ന എടാട്ട് ചെറാട്ട് സ്വദേശി ടി. നികേഷിനെതിരെ (40) പീഡന ശ്രമക്കേസ് നിലനിൽക്കുന്നുണ്ട്. ഈ കേസിൽ മൊഴി മാറ്റി പറയണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ മാസം 27ന് ഹോട്ടലിന്റെ ഫ്രണ്ട് ഓഫീസിൽ അതിക്രമിച്ച് കയറി നികേഷ് ഭീഷണിപ്പെടുത്തിയെന്നാണ് ജീവനക്കാരി പയ്യന്നൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ നൽകിയ പരാതി. ഈ പരാതിയിലാണ് കോടതി നിർദേശപ്രകാരം പയ്യന്നൂർ പോലീസ് ഒരു കേസ് കൂടി നികേഷിനെതിരെ എടുത്തത്.

തയ്ച്ചുകൊടുക്കുന്നു

പരിയാരം കോരൻപീടികയിൽ പ്രവർത്തിക്കുന്ന കാവിൻചാൽ വനിത തയ്യൽ യൂനിറ്റിൽ നിന്നും മാക്സി, ചുരിദാർടോപ്പ്, പാവാട, ഷർട്ട്, സ്കൂൾ യൂനിഫോം, യൂനിഫോം കോട്ട്, കാന്തുറ എന്നിവ റെഡിമെയ്ഡ് ഷോപ്പിലേക്ക് മിതമായ നിരക്കിൽ ഉത്തരവാദിത്തത്തോടെ തയ്ച്ചു കൊടുക്കുന്നു. ആവശ്യമുള്ളവർ ബന്ധപ്പെടുക.

Mob: 6282372186

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന്: 2900
പവന് :23,200
പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്,
ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

നാളെ വൈദ്യുതി മുടങ്ങും

തളിപ്പറമ്പ: തളിപ്പറമ്പ് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന അരിയിൽ, അരിയിൽ കോളനി, സുനിത ഫർണ്ണിച്ചർ, സീൽ ഫ്ളൈവുഡ്, വെള്ളിക്കീൽ, കയ്യംതടം, കയ്യംതടം റസിഡൻഷ്യൽ സ്കൂൾ, കീഴാറ്റൂർ, കൂവോട് ആയുർവേദം, കൂവോട്, പറപ്പൂൽ, പാലേരിപ്പറമ്പ്, ആമീസ് ഫുഡ്, കൊടേശ്വരം ടെമ്പിൾ എന്നീ സ്ഥലങ്ങളിൽ നാളെ രാവിലെ ഒമ്പത് മണി മുതൽ 5 മണി വരെ പൂർണ്ണമായും വൈദ്യുതി മുടങ്ങും.

ചരമം

അഡ്വ.ടി.ഒ.മോഹനന്റെ മാതാവ്

ഏച്ചൂർ: കെ.പി.സി.സി നിർവാഹക സമിതി അംഗവും കണ്ണൂർ കോർപ്പറേഷൻ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമായ അഡ്വ.ടി.ഒ. മോഹനന്റെ മാതാവ് ടി.ഒ.സരോജിനിയമ്മ (82) നിര്യാതയായി. ഭർത്താവ്: പരേതനായ സി.ഗോപാലൻ നമ്പ്യാർ. മറ്റു മക്കൾ: അശോകൻ (റിട്ട. നേവി), ഭാർഗവൻ (ബിസിനസ്), വേണുഗോപാലൻ മാസ്റ്റർ (ഹെഡ്മാസ്റ്റർ, ജി.വി.എച്ച്.എസ് കാർത്തികപുരം, കെ.പി.എസ്.ടി.എ സംസ്ഥാന കമ്മിറ്റി അംഗം), ശശിധരൻ (പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ് വടക്കുമ്പാട്), രാജലക്ഷ്മി (സെക്രട്ടറി, എടക്കാട് അർബൻ കോ-ഓപ്പ് സൊസൈറ്റി, കാടാച്ചിറ), പ്രമോദ്കുമാർ (ദുബായ്). മരുമക്കൾ: ബീന (അധ്യാപിക, എച്ച്.എസ്.എസ്. മട്ടന്നൂർ), പി.വി.പുഷ്പവല്ലി, പി.ശൈലജ (അധ്യാപിക, നളന്ദ കോളേജ്, ഏച്ചൂർ), വി.ആർ.പ്രീത (അധ്യാപിക, എച്ച്.എസ്.എസ് മട്ടന്നൂർ), കെ.സീന (അധ്യാപിക, എച്ച്.എച്ച്.എസ് അഞ്ചരക്കണ്ടി), പി.എം. വിജയൻ (റിട്ട. അധ്യാപകൻ, മമ്പറം എച്ച്.എസ്.എസ്), ധന്യ (ദുബായ്), പരേതയായ എ.കെ. ഗീത. സഹോദരങ്ങൾ: ഓമന, നാരായണി, പവിത്രൻ, പുഷ്പവല്ലി, ഹരീന്ദ്രൻ, പരേതരായ കമലാക്ഷിയമ്മ, രാമചന്ദ്രൻ. സംസ്കാരം നാളെ രാവിലെ 11 മണിക്ക് പയ്യാമ്പലത്ത്.

ഇബ്രാഹിം ഹാജി

തളിപ്പറമ്പ: കുണ്ടാംകുഴി യതീംഖാനക്ക് സമീപത്തെ ഇബ്രാഹിം ഹാജി (റേഷൻ-80) നിര്യാതനായി. ഭാര്യ: കെ.വി.ആയിഷ. മക്കൾ: ഖദീജ, സൈനബ, ബുഷ്റ, ബഷീർ, മുഹമ്മദ്കുഞ്ഞി (ഇരുവരും റേഷൻ). മരുമക്കൾ: മുഹമ്മദ്കുഞ്ഞി, അബ്ദുൾ അസീസ് (കോലാപൂർ), റഹ്മത്ത്, ഫൗസിയ, പരേതനായ മാനേജർ അബു. സഹോദരങ്ങൾ: അബ്ദുള്ള, സിദ്ദീഖ്, മുസ്തഫ, പരേതയായ സൈനബ, ആസിയ, അലീമ.

ജാനകി

തളിപ്പറമ്പ: ആടിക്കുംപാറയിലെ പരേതനായ ഗോപാലന്റെ ഭാര്യ ചെറുകട ജാനകി (88) നിര്യാതയായി. മക്കൾ: ജനാർദ്ദനൻ (പുതിയതെരു), ജയമ്മ, ജലജ (ഇരുവരും തളിപ്പറമ്പ), ജയശ്രീ (വാരം).

ലൂക്ക

ആലക്കോട്: മഞ്ഞക്കാട്ടെ തുരുത്തേൽ ലൂക്ക (87) നിര്യാതനായി. ഭാര്യ: തമ്പലക്കാട് കുടുംബാംഗം അന്നമ്മ. മക്കൾ: എൽസി, മേരി (ഇരുവരും പാറ്റ്ന), ജോസ് (സൗദി), ജോഷി, ഗ്രേസി, ബിസി, പരേതയായ സിസിലി. മരുമക്കൾ: ബിന്നി കൊച്ചുപാറോട്ട്, ജോയി മേലുക്കുന്നേൽ (ഇരുവരും പാറ്റ്ന), ഷേർളി തൊണ്ടംപള്ളിൽ, ബിൻസി തയ്യിൽ, ബെന്നി വലിയവീട്ടിൽ (മസ്കറ്റ്), ബിജു കൊല്ലപ്പള്ളിൽ (സൗദി). സംസ്കാരം നാളെ രാവിലെ പത്തിന് ചെറുപുഴ സെന്റ് മേരീസ് പള്ളിയിൽ.

രാജീവൻ

ശ്രീകണ്ഠപുരം: അഡൂരിലെ കിഴക്കിനിപുരയിൽ കെ.പി.രാജീവൻ (43) നിര്യാതനായി. മലയോര മേഖലയിലെ അറിയപ്പെടുന്ന ആശാരിയാണ്. ഭാര്യ: ബിജുല. മക്കൾ: ജ്യോതിസ്, ആയുർരാജ് (ഇരുവരും വിദ്യാർത്ഥികൾ), മാതാവ്: പരേതയായ യശോദ.



ഭാസ്കരൻ

കൂവേരി: കൂവേരിക്കടവിനടുത്ത ടി.വി. ഭാസ്കരൻ (67) നിര്യാതനായി. പരേതനായ കുമാരന്റെയും ദേവകിയുടെയും മകനാണ്. ഭാര്യ: പി. നളിനി. മക്കൾ: സജിത്ത്, സജിന. മരുമക്കൾ: ഷൈന, സുമിത്രൻ. സഹോദരങ്ങൾ: മണി, ഗംഗാധരൻ, ബാലൻ, ഇന്ദിര, സീമന്തിനി, സതി, പരേതയായ ശാന്ത.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 297 RNI Reg.No.KER MAL/2007/22043